"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ബഹുമാനപ്പെട്ട പുനലൂർ എം.എ.സി.റ്റി മുമ്പാകെയുള്ള ഒ.പി (എം.വി) 239/2022 നമ്പർ വ്യവഹാരത്തിന്റെ വിധി തുക കെട്ടിവയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് - ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.3950/2026/ധന** **തീയതി,തിരുവനന്തപുരം, 27/04/2026**

പരാമർശം :-
1. ബഹുമാനപ്പെട്ട പുനലൂർ എം.എ.സി.റ്റി മുമ്പാകെയുള്ള ഒ.പി (എം.വി) 239/2022 നമ്പർ വ്യവഹാരത്തിന്മേലുള്ള 06/12/2025 ലെ വിധി.
2. ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 03/02/2026 തീയതിയിലെ കെ.എസ്.ഐ.ഡി/സ്യൂട്ട്/എസ്5/ഒ.പി (എം.വി) 239/2022 നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷ്വറൻസ് വകുപ്പിൽ പരിരക്ഷയുണ്ടായിരുന്ന KL-09-AV-2421 എന്ന നമ്പറിലുള്ള വാഹനം 25/05/2022 തീയതിയിൽ അപകടത്തിൽപ്പെടുകയും ശ്രീ.ജോയ് ജോസഫ് എന്ന വ്യക്തി മരണപ്പെടുകയും ചെയ്തു. ടിയാളുടെ അനന്തരാവകാശികൾ വകുപ്പിനെ മൂന്നാം എതിർകക്ഷിയാക്കി ബഹുമാനപ്പെട്ട പുനലൂർ എം.എ.സി.റ്റി-യിൽ ഒ.പി. (എം.വി) 239/2022 നമ്പർ നഷ്ടപരിഹാര ഹർജി ഫയൽ ചെയ്തു. ബഹു. പുനലൂർ എം.എ.സി.റ്റി-യുടെ പരാമർശം (1) വിധി പ്രകാരം 15,10,300/- രൂപ (പതിനഞ്ച് ലക്ഷത്തി പതിനായിരത്തി മുന്നൂറ് രൂപ മാത്രം) ഹർജി തീയതിയായ 06/07/2022 മുതൽ 9% പലിശ നിരക്കിലും, കോടതി ചെലവിനത്തിൽ 34,373/- രൂപയും, ലീഗൽ ബെനഫിറ്റ് ഫണ്ട് ഇനത്തിൽ 35,000/- രൂപയും, പ്രൊപ്പോഷണേറ്റ് കോസ്റ്റായി 80,424/- രൂപയും കെട്ടിവയ്ക്കുന്നതിനുള്ള അനുമതി നല്കണമെന്ന് പരാമർശം (2) പ്രകാരം ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ബഹു. പുനലൂർ എം.എ.സി.റ്റി-യുടെ പരാമർശം (1) പ്രകാരമുള്ള വിധി തുകയായ 15,10,300/- രൂപ (പതിനഞ്ച് ലക്ഷത്തി പതിനായിരത്തി മുന്നൂറ് രൂപ മാത്രം) ഹർജി തീയതിയായ 06/07/2022 മുതൽ 9% പലിശ നിരക്കിലും, കോടതി ചെലവിനത്തിൽ 34,373/- രൂപയും, ലീഗൽ ബെനഫിറ്റ് ഫണ്ട് ഇനത്തിൽ 35,000/- രൂപയും, പ്രൊപ്പോഷണേറ്റ് കോസ്റ്റായി 80,424/- രൂപയും കെട്ടിവയ്ക്കുവാൻ ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. പലിശ തുകയുടെ കൃത്യത ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ഉറപ്പവരുത്തേണ്ടതാണ്.

3. പ്രസ്തുത ചെലവ് "8011-ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട് -105 സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട്-98(01) ആക്സിഡന്റ് ഇൻഷ്വറൻസ് ഫണ്ട് എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഷാനവാസ്. എ**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ )കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, പട്ടം, പട്ടം പാലസ്.പി.ഒ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(ഫയൽ നം ഇ: 3435485/എസ്റ്റാ-ഡി3/12/2026-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ